F.Y.
March 2015

Reg. No. ..............................

Name ..............................

HSSLIVE.IN



# Part - III

# POLITICAL SCIENCE

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool off time' of 15 minutes in addition to the writing time of 2½ hrs.
- You are neither allowed to write your answers nor to discuss anything with others during the 'cool off time'.
- Use the 'cool off time' to get familiar with questions and to plan your answers.
- Read the questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Electronic devices except nonprogrammable calculators are not allowed in the Exan.ination Hall.

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോ/ദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപ ചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തര പേപ്പറിൽത്തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. The democratic trio–liberty, equality and fraternity are related to the ...........
(French revolution, first World War, Indian freedom struggle, Russion revolution) (1)

2. "For me, real freedom is freedom from fear and unless you can live free from fear, you cannot live a dignified human life". Who said this statement?
(Mahatma Gandhi, Nelson Mandela, Martin Luther King, Aung San Suu Kyi) (1)

3. ................ is/are an obligation, which is/are to be performed by a citizen.
(Rights, Duties, Claim, Commitment) (1)

4. The Constitution of India was prepared by ........
(Dr. Ambedkar, Rajendra Prasad, Constituent Assembly, British Parliament) (1)

5. Which article of the Indian Constitution prohibits discrimination on the grounds of caste, colour, race, religion, birth, faith, sex or wealth?
(Article 14, Article 16, Article 18, Article 15) (1)

1. ജനാധിപത്യ ത്രയങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ബന്ധപ്പെട്ടിരിക്കുന്നത് ............ .
(ഫ്രഞ്ച് വിപ്ലവം, ഒന്നാം ലോക യുദ്ധം, ഇന്ത്യൻ സ്വാതന്ത്ര്യ സമരം, റഷ്യൻ വിപ്ലവം) (1)

2. "എന്നെ സംബന്ധിച്ച് യഥാർത്ഥ സ്വാതന്ത്ര്യം ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്. ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ അന്തസ്സോടെയുള്ള മനുഷ്യജീവിതം സാദ്ധ്യമല്ല." -ഈ പ്രസ്താവന ആരുടേതാണ്?
(മഹാത്മാ ഗാന്ധി, നെൽസൺ മണ്ടേല, മാർട്ടിൻ ലൂഥർ കിംഗ്, ആങ് സാൻ സൂ കി) (1)

3. ഒരു പൗരൻ നിർവ്വഹിക്കപ്പെടേണ്ട ബാധ്യതയാണ് ............ .
(അവകാശങ്ങൾ, കടമകൾ, അവകാശവാദം, പ്രതിബദ്ധത) (1)


4. ഇന്ത്യൻ ഭരണഘടന നിർമ്മിച്ചത് ...........
(ഡോ. അംബേദ്കർ, രാജേന്ദ്രപ്രസാദ്, ഭരണഘടന നിർമ്മാണസമിതി, ബ്രിട്ടീഷ് പാർലമെന്റ്) (1)

5. ജാതി, നിറം, വംശം, മതം, ജന്മം, വിശ്വാസം, ലിംഗം, സമ്പത്ത് എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം നിരോധിച്ചിരിക്കുന്നത് ഇൻഡ്യൻ ഭരണഘടനയുടെ ഏത് അനുഛേദമാണ്.
(അനുഛേദം 14, അനുഛേദം 16, അനുഛേദം 18, അനുഛേദം 15) (1)

6. According to Dr. Ambedkar which fundamental right is considered as the 'heart and soul' of the Indian Constitution?
(Right to Constitutional Remedies, Right to Equality, Right to Freedom, Right Against Exploitation) (1)


7. Who introduced an objective resolution in the Constituent Assembly? (1)

8. Complete the given pyramid showing the structure of the Indian Judiciary. (1½)




9. Which international organization stands for the promotion of world peace? Point out any three contemporary challenges to world peace. (2)

10. Complete the columns given below. (2)





6. ഡോ. അംബേദ്കറുടെ അഭിപ്രായത്തിൽ ഇന്ത്യൻ ഭരണഘടനയുടെ "ഹൃദയവും ആത്മാവും" ആയി പരിഗണിക്കുന്നത് ഏത് മൗലികാവകാശത്തെയാണ്.
(ഭരണഘടനാ പരമായി പരിഹാരത്തിനുള്ള അവകാശം, സമത്വത്തിനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, ചൂഷണത്തിനെതിരെയുള്ള അവകാശം) (1)

7. ഭരണഘടനാ നിർമ്മാണ സഭയിൽ ലക്ഷ്യ പ്രമേയം അവതരിപ്പിച്ചത് ആര്? (1)


8. ഇന്ത്യൻ നീതി പീഠത്തിന്റെ ഘടന കാണിക്കുന്ന തന്നിരിക്കുന്ന പിരമിഡ് പൂർത്തീകരിക്കുക. (1½)

HSSLIVE




9. ലോക സമാധാന ഉന്നമനത്തിനായി നിലകൊള്ളുന്ന അന്തർദേശീയ സംഘടനയേത്? ലോക സമാധാനത്തിന്റെ ഏതെങ്കിലും മൂന്ന് സമകാലീന വെല്ലുവിളികൾ ചൂണ്ടിക്കാണിക്കുക. (2)

10. താഴെ തന്നിരിക്കുന്ന കോളങ്ങൾ പൂർത്തീകരിക്കുക. (2)




11. Name the status granted by law to the members of a state for "full and equal membership". How did your parents get this status? (2)

11. ''പൂർണ്ണവും തുല്യവുമായ അംഗത്വത്തിന്'' വേണ്ടി ഒരു രാഷ്ട്രത്തിന്റെ നിയമം അതിന്റെ അംഗങ്ങൾക്ക് നൽകിയിരിക്കുന്ന പദവിയുടെ പേരെഴുതുക. നിങ്ങളുടെ രക്ഷിതാക്കൾ എങ്ങനെയാണ് ഈ പദവി നേടിയത്? (2)

12. Complete the following chart. (2½)

12. താഴെ തന്നിരിക്കുന്ന ചാർട്ട് പൂർത്തീകരിക്കുക. (2½)




13. An educated, enlightened and vigilant citizenry is essential for the successful working of democracy. Examine how political theory enables us to develop a sense of duty in our mind. (3)

13. ജനാധിപത്യത്തിന്റെ വിജയകരമായ പ്രവർത്തനത്തിന് വിദ്യാസമ്പന്നവും, ശ്രേഷ്ഠവും, ജാഗരൂകവുമായ ഒരു പൗരസമൂഹം അനിവാര്യമാണ്. രാഷ്ട്രീയ സിദ്ധാന്തം എങ്ങനെ നമ്മുടെ മനസ്സിൽ കർത്തവ്യ ബോധം സൃഷ്ടിക്കുവാൻ സഹായിക്കുന്നു. പരിശോധിക്കുക. (3)

14. Equality means equal and adequate opportunities for all and should be equal in the eyes of law. But by the constitutional provisions, the Government of India has been providing special considerations for the upliftment of certain sections. Can you justify it? (3)

14. സമത്വം എന്നത് എല്ലാവർക്കും തുല്യവും പര്യാപ്തവുമായ അവസരങ്ങളും നിയമത്തിന്റെ മുമ്പിലുള്ള തുല്യതയുമാണ്. എന്നാൽ ഭരണഘടനാ വകുപ്പുകളിലെ ഭാരത സർക്കാർ ചില വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രത്യേക പരിഗണന നൽകി വരുന്നു. താങ്കൾക്കിതിനെ ന്യായീകരിക്കുവാൻ സാധിക്കുമോ? (3)

15. Write a short note on social and ecological costs of any major developmental project that has been debated in Kerala. (3)

15. കേരളം ചർച്ചചെയ്യപ്പെടുന്ന ഏതെങ്കിലും വലിയ വികസന പദ്ധതിയുടെ സാമൂഹ്യ, പാരിസ്ഥിതിക ചെലവുകളെക്കുറിച്ച് ചുരുക്കി എഴുതുക. (3)

16. India is a land of a high level of religiosity. Is secularism suitable for such a society? Substantiate your answer in the light of the emerging criticisms against Indian secularism. (4)

16. ഉയർന്ന തലത്തിൽ മതവികാരമുള്ള ഒരു നാടാണ് ഭാരതം. ഇത്തരത്തിലുള്ള ഒരു സമൂഹത്തിൽ മതേതരത്വം അനുയോജ്യമാണോ? ഇന്ത്യൻ മതേതരത്വത്തിനെതിരെ ഉയർന്നുവരുന്ന വിമർശനങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ ഉത്തരം സമർത്ഥിക്കുക. (4)

17. Match the items in column A with suitable items in B and C. (4)

17. പട്ടിക 'എ' വിഭാഗത്തിന് അനുയോജ്യമായത്, 'ബി' യിൽ നിന്നും 'സി' യിൽ നിന്നും തെരഞ്ഞെടുക്കുക. (4)

| A | B | C |
|---|---|---|
| a) Fundamental rights<br>മൗലികാവകാശങ്ങൾ | i) Collective responsibility to parliament<br>പാർലിമെന്റിനോടുള്ള കൂട്ടുത്തരവാദിത്വം | 1) Canadian constitution<br>കനേഡിയൻ ഭരണഘടന |
| b) Directive principles of state policy<br>സ്റ്റേറ്റിന്റെ നിർദ്ദേശക തത്വങ്ങൾ | ii) Strong central government<br>ശക്തമായ കേന്ദ്ര ഗവൺമെന്റ് | 2) US constitution<br>അമേരിക്കൻ ഭരണഘടന |
| c) Parliamentary system of government<br>പാർലിമെന്ററി ഭരണ സംവിധാനം | iii) Freedom of religion<br>മത സ്വാതന്ത്ര്യം | 3) Irish constitution<br>ഐറിഷ് ഭരണഘടന |
| d) Quasifederation<br>ക്വാസിഫെഡറേഷൻ | iv) Guidelines to government<br>ഭരണകൂടത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ | 4) British constitution<br>ബ്രിട്ടീഷ് ഭരണഘടന |

18. If constraints are backed by organized social, religious or cultural authorities or by the powers of state, they will restrict our freedom. Recently, a different form of protest took place in Kochi, it has spread to many parts of the country. Have you seen any social constraints in our freedom of expression? Substantiate your answer. (4)

19. The Constitution of India empowers the Supreme Court and high courts to issue certain orders, directions and writs for the enforcement of fundamental rights. Examine the various writs in the Constitution. (5)

20. Law making is the primary and most important function of a legislature. It is a complicated procedure. A bill in order to become a law has to go thru different stages. Explain the different stages of law making in India. (5)

18. നിയന്ത്രണങ്ങൾ സാമൂഹികവും മതപരവും സാംസ്കാരികവുമായ സംഘടിത അധികാര കേന്ദ്രത്തിന്റേയോ, അല്ലെങ്കിൽ രാഷ്ട്രത്തിന്റെ പിൻബലത്തോടെയാണ് ഏർപ്പെടുത്തുന്നതെങ്കിൽ അവ നമ്മുടെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കും. അടുത്തിടെ കൊച്ചിയിൽ ഒരു വ്യത്യസ്ത രീതിയിലുള്ള പ്രതിഷേധം നടക്കുകയും, അത് രാജ്യത്തിന്റെ പല ഭാഗത്തേയ്ക്കും വ്യാപിക്കുകയും ചെയ്തു. നമ്മുടെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനെതിരെ ഏതെങ്കിലും സാമൂഹ്യ നിയന്ത്രണങ്ങൾ താങ്കൾ കാണുന്നുണ്ടോ? നിങ്ങളുടെ ഉത്തരം സമർത്ഥിക്കുക. (4)

19. മൗലികാവകാശങ്ങൾ നടപ്പിൽ വരുത്തുന്നതിനായി ഇൻഡ്യൻ ഭരണഘടന സുപ്രീംകോടതിയേയും ഹൈക്കോടതികളേയും, ചില ഉത്തരുവുകൾ, നിർദ്ദേശങ്ങൾ, റിട്ടുകൾ, എന്നിവ പുറപ്പെടുവിക്കുന്നതിന് അധികാരപ്പെടുത്തിയിരിക്കുന്നു. ഭരണഘടനയിലെ വിവിധ റിട്ടുകൾ പരിശോധിക്കുക. (5)

20. ഒരു നിയമ നിർമ്മാണ സഭയുടെ പ്രഥമവും ഏറ്റവും പ്രധാനവുമായ ചുമതല നിയമ നിർമ്മാണമാണ്. ഇത് ഒരു സങ്കീർണ്ണമായ പ്രക്രിയയാണ്. സാധാരണ ഒരു ബില്ല് നിയമം ആകണമെങ്കിൽ വ്യത്യസ്ത ഘട്ടങ്ങളിലൂടെ കടന്ന് പോകേണ്ടതുണ്ട്. ഇന്ത്യയിലെ നിയമ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ വിശദീകരിക്കുക. (5)

21. Social justice is an ideal difficult to achieve, where the society is fragmented by diverse elements. In the context of increasing economic inequalities, communal polarization and sexual exploitation, do you think that a large section of people is being denied social justice in India? Substantiate. **(5)**

22. Nationalism is the outcome of several factors. It is essentially a matter of sentiments. India is one of the largest multiethnic polity in the world. Within these multilayered diversities, we still remain as a Nation. Comment in the context of emerging 'identity crisis' and the slogan of 'son of soil' in certain parts of the country. **(5)**

23. The best school of democracy and the best guarantee for its success is the practice of Local Self-Government.

Panchayath Raj system is a revolution. It is a People's Raj and an expression of direct democracy.

In the light of above statements, examine the changes brought by the 73rd and 74th Constitutional Amendment in the de-centralization of power. **(6)**

21. വൈവിധ്യത്തിൽ അധിഷ്ഠിതമായ ഒരു സമൂഹത്തിൽ സാമൂഹ്യ നീതി എന്ന ആദർശം കൈവരിക്കുവാൻ ബുദ്ധിമുട്ടാണ്. വർദ്ധിച്ച് വരുന്ന സാമ്പത്തിക അസമത്വത്തിന്റെയും, ലൈംഗീക ചൂഷണത്തിന്റെയും സാഹചര്യത്തിൽ ഇന്ത്യയിൽ ഒരു വലിയ വിഭാഗം ജനങ്ങൾക്ക് സാമൂഹ്യ നീതി നിഷേധിക്കപ്പെട്ടിരിക്കുന്നു എന്ന് താങ്കൾ കരുതുന്നുണ്ടോ? സമർത്ഥിക്കുക. **(5)**

22. ദേശീയത അനവധി ഘടകങ്ങളുടെ ഫലമാണ്. ഇത് പ്രധാനമായും ഒരു മനോവികാരമാണ്. ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ നാനാത്വത്തിൽ അധിഷ്ഠിതമായ ഒരു രാഷ്ട്രീയ സംവിധാനമാണ്. ഈ ബഹുതല വൈവിധ്യങ്ങൾക്കിടയിലും നാം ഒരു രാഷ്ട്രമായി ഇന്നും നിലനിൽക്കുന്നു. രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ പ്രത്യക്ഷമാകുന്ന 'സ്വത്വ' വെല്ലുവിളികളും, മണ്ണിന്റെ മക്കൾ, മുദ്രാവാക്യത്തിന്റേയും അടിസ്ഥാനത്തിൽ അഭിപ്രായം എഴുതുക. **(5)**


23. 'ജനാധിപത്യത്തിന്റെ മാതൃകാ വിദ്യാലയവും അതിന്റെ വിജയത്തിനുള്ള ഏറ്റവും നല്ല ഉറപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനമാണ്.' 'പഞ്ചായത്ത് രാജ് സംവിധാനം ഒരു വിപ്ലവമാണ്. ഇത് ജനങ്ങളുടെ ഭരണവും പ്രത്യക്ഷ ജനാധിപത്യത്തിന്റെ അവിഷ്കാരവുമാണ്.'

മേൽ തന്നിരിക്കുന്ന പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ 73-ഉം 74-ഉം ഭരണഘടനാഭേദഗതിയിലൂടെ അധികാര വികേന്ദ്രീകരണത്തിലുണ്ടായ മാറ്റങ്ങൾ പരിശോധിക്കുക? **(6)**


24. Indian electoral system has been widely acclaimed across the world in terms of its participation, free and fair process and consistency. Article 324–329 of the Indian Constitution deals with the electoral system. Critically evaluate the working of the Indian electoral system. (8)

25.

Indian Constitution is federal in form, but unitary in spirit.



Center-State relations and appointment of governors are areas of dispute.




Analyze and evaluate the Indian federal system in the context of the above conversation. (8)

24. പങ്കാളിത്തത്തിന്റേയും സ്വതന്ത്ര്യവും നീതിപൂർവ്വകവുമായ പ്രക്രിയയുടേയും തുടർച്ചയുടേയും അടിസ്ഥാനത്തിൽ ഇൻഡ്യൻ തെരഞ്ഞടുപ്പ് സമ്പ്രദായം ലോകം മുഴുവൻ അനുമോദിക്കപ്പെട്ടിട്ടുണ്ട്. ഇൻഡ്യൻ ഭരണഘടനയുടെ അനുഛേദം 324 മുതൽ 329 വരെ തെരഞ്ഞെടുപ്പ് സംവിധാനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു.
ഇന്ത്യൻ തെരഞ്ഞെടുപ്പു സമ്പ്രദായത്തിന്റെ പ്രവർത്തനങ്ങൾ വിമർശനാത്മകമായി വിലയിരുത്തുക. (8)


25.

ഇന്ത്യൻ ഭരണഘടന രൂപത്തിൽ സംയുക്തവും ആത്മാവിൽ ഏകാത്മകവുമാണ്.

HSSLIVE.IN



കേന്ദ്ര സംസ്ഥാന ബന്ധങ്ങളും ഗവർണർമാരുടെ നിയമനവും തർക്ക മേഖലകളാണ്.



മേൽ കൊടുത്തിരിക്കുന്ന സംഭാഷണം നിരീക്ഷിച്ച് ഇന്ത്യൻ ഫെഡറൽ സംവിധാനത്തിന്റെ പ്രവർത്തനങ്ങളെ വിശകലനം ചെയ്ത് വിലയിരുത്തുക. (8)